## വ്യവസായ അന്തരീക്ഷം ജനസൗഹൃദമാക്കുന്നതിന് നടപടികൾ

20 (*50) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ ജന സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വ്യവസായ സംരംഭങ്ങളുടെ സുഖകരമായ നടത്തിപ്പിനായി ഏതൊക്കെ ചട്ടങ്ങളിൽ മാറ്റം വരുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി പണിതിട്ട കെട്ടിടങ്ങളും സ്ഥലവും പല പ്രദേശങ്ങളിലും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നത് കണക്കിലെടുത്ത് അവയെ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് വ്യവസായ-സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികളിലെയും അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ക്ലിയറൻസുകൾക്ക് മാറ്റം വരുത്താൻ ആലോചിക്കുന്ന ആക്റ്റുകളുടേയും റൂളുകളുടേയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുവദിക്കപ്പെട്ട കെട്ടിടങ്ങളും സ്ഥലവും യഥാവിധി ഉപയോഗപ്പെടുത്താത്ത സാഹചര്യം ഉണ്ടെങ്കിൽ നിയമാനുസൃതം തിരിച്ചെടുത്ത് അർഹരായ സംരംഭകർക്ക് നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സംരംഭകർക്കിടയിൽ ബോധവൽക്കരണ നടപടികൾ നടത്തി വരുന്നുണ്ട്.

കിൻഫ്രയുടെ കീഴിലുള്ള ബഹുനില കെട്ടിട സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ സംരംഭകരെ കണ്ടെത്തുന്നതിനായി FICCI, KSSIA, CII തുടങ്ങിയ വ്യവസായ അസോസിയേഷനുകൾ വഴിയും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരവും ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

**കാർഷിക മേഖലയ്ക്കുവേണ്ടി പുതിയ സെസ് ഏർപ്പെടുത്തൽ**

21 (*51) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി പ്രാബല്യത്തിൽ വന്നതോടുകൂടി കൃഷി കല്യാൺ സെസ് നിർത്തലാക്കിയ സാഹചര്യത്തിൽ കർഷകരുടെ ക്ഷേമത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കുമായി പുതിയ സെസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി മറ്റു സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു ശതമാനം കർഷകർക്ക് ലഭ്യമാക്കാൻ ജി.എസ്.ടി.യുടെ പശ്ചാത്തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.